# മലർവാടി

കുട്ടികളുടെ ദ്വൈവാരിക

2018 ആഗസ്റ്റ് 16, പുസ്തകം 38, ലക്കം 20






## മലർമൊഴി

## ഓണം പെരുന്നാൾ ആശംസ

ഈ വർഷത്തെ ഓണവും പെരുന്നാളും ഒരുമിച്ചാണല്ലോ എഴുന്നള്ളിയിരിക്കുന്നത്. ഓണത്തിന്റെയും ബക്രീദിന്റെയും ഈ കൂട്ടുകെട്ട് ഒരു കലണ്ടർ കൗതുകത്തിനപ്പുറം പ്രപഞ്ച വിധാതാവിന്റെ സന്ദേശപ്രഖ്യാപനമായാണ് ഞാൻ കാണുന്നത്. നബി തിരുമേനി സംസ്ഥാപിച്ച മദീന കഴിഞ്ഞാൽ വിവിധ മതസ്ഥർ ഏറ്റവും ഇഴചേർന്ന് വസിച്ചിട്ടുള്ളത് നമ്മുടെ കേരളത്തിലായിരിക്കും.



### കെ.പി രാമനുണ്ണി

പ്രശസ്ത സാഹിത്യകാരൻ. ദൈവത്തിന്റെ പുസ്തകം, സൂഫിപറഞ്ഞ കഥ, ചരമവാർഷികം. മുതലായ നോവലുകൾ, ദൈവത്തിന്റെ ചിരി, വേണ്ടപ്പെട്ടവന്റെ കുരിശ് മുതലായ ചെറുകഥാ സമാഹാരങ്ങൾ. കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, കേരള സാഹിത്യ അക്കാദമി വയലാർ, അവാർഡ് മുതലായ പുരസ്കാരങ്ങൾ.


Editor T.K. Ubaid Executive Editor P.A. Nazimudeen | Sub Editor Mehd Maqbool
Layout & Graphics Fasal Edavanakad | Technical Support Fahis Ali Cover Sacheendran karadaka
e-mail malarvadimag@gmail.com | www.malarvadi.net
Circulation 0495 2732555 Manager 0495 2730073 | e-mail managerprabodhanamclt@gmail.com

ആ പാരമ്പര്യത്തിന് ഭംഗം സംഭവിക്കരുത് എന്ന് കരുതിയായിരിക്കണം ഹിന്ദുക്കളേ, മുസ്‌ലി ംകളേ നിങ്ങൾ വീണ്ടും ഒരുമിക്കുവിൻ എന്ന തി ട്ടൂരം രണ്ട് ആഘോഷങ്ങളെയും ഒട്ടിച്ചു ചേർത്ത് ലോകൈകനാഥൻ ഇറക്കിയിരിക്കുന്നത്.

അല്ലെങ്കിലും ബക്രീദും ഓണവും ഏകോദര സഹോദരരാണെന്ന് അവരുടെ സ്വത്വസ്വരൂപം പരിശോധിച്ചാൽ മനസ്സിലാകും. മതപരമായ ഉത്സ വങ്ങൾക്ക് അൽപന്മാർ കൽപ്പിക്കുന്ന കേവലാർഥ ങ്ങളല്ല ഉള്ളത്.

വലിയപെരുന്നാളിനു പിറകിൽ പടച്ചവന്റെ കണ്ണിൽ ചോരയില്ലായ്മയല്ല വെളിവാക്കുന്നത് എന്ന് ഓർക്കണം. അത് വലിയൊരു തത്വാവി ഷ്കാരമാണ്. സ്വന്തം വാത്സല്യാഹന്തയുടെ പ്രതീകമാണല്ലോ ഏതൊരു മനുഷ്യനും മക്കൾ. എന്നാൽ ആ മക്കൾ സുസ്ഥിതിയിൽ നിലനിൽ ക്കണമെങ്കിൽ പ്രപഞ്ച പൊരുളിനെക്കുറിച്ചുള്ള ബോധം വേണം.

പ്രപഞ്ചാത്മ സൃഷ്ടികളായ പ്രകൃതിയെയും ജീവജാലങ്ങളെയും ഗൗനിച്ചില്ലെങ്കിൽ മനുഷ്യ ന്റെ ഗതി അധോഗതിയാകുമല്ലോ. അല്ലാഹുവിനെ ആദരിച്ചാലോ നഷ്ടപ്പെടാവുന്ന സൗഭാഗ്യങ്ങൾ തിരിച്ചു കിട്ടുകയും ചെയ്യും. ഇതാണ് ബക്രീദിന്റെ ഐതിഹ്യം വിളംബരപ്പെടുത്തുന്നത്.

അതേപോലെയുള്ള അർഥമാനങ്ങൾ ഓണ ത്തിനു നിദാനമായ മാവേലിക്കഥയിലും ഉണ്ട്. മാവേലി കള്ളവും ചതിയുമില്ലാത്ത, എള്ളോളം പൊളിവചനമില്ലാത്ത സാമ്രാജ്യം പടുത്തുയർ ത്തിയ മന്നവൻ ആയിരുന്നെങ്കിലും അഹന്തയുടെ ആശാനായിരുന്നു. അത് തിരുത്തി പാഠം പഠിപ്പിക്കാ നാണ് പ്രപഞ്ച ശക്തി വാമനന്റെ രൂപത്തിൽ സമീ പിച്ചത്.

മാവേലി വഴങ്ങിക്കൊടുത്തപ്പോൾ വീണ്ടും വീണ്ടും ജീവിതത്തിലേക്ക് മടങ്ങിവരാനുള്ള പു നർജനിയുടെ അനുഗ്രഹം അദ്ദേഹത്തിന് ലഭിക്കു കയും ചെയ്തു.

കുട്ടികളേ, ഈ ബക്രീദ്-ഓണം ആഘോഷ കാലം പരസ്പരമൈത്രിയുടെയും ദൈവസമർപ്പ ണത്തിന്റെതുമാക്കാൻ നിങ്ങൾക്ക് ആശംസകൾ നേരുന്നു.

# തവളപ്പാട്ട്

**ജെനിത് കാച്ചപ്പിള്ളി**

പേക്രോം പാട്ടിൻ പാടത്ത്
പേക്രോം തവളകളൊരുമിച്ച്
പേക്രോം പാട്ടത് പാടുമ്പോൾ
പേക്രോം പാച്ചുവിനറിയാതെ
പേക്രോം ശ്രുതിയത് തെറ്റിപ്പോയ്

പേക്രോം നിന്നാ നേരത്ത്
വയല് നിലച്ചൊരു സമയത്ത്,
തെറ്റിയ സമനില കൂസാതെ
കിട്ടിയ ശ്രുതിയത് പോകാതെ
ചാക്രോം മാക്രോം രാഗത്തിൻ
പുതു ഞാറത് നട്ടു പാച്ചപ്പൻ,

മറുവഴിയൊന്നും കാണാതെ
അപശ്രുതിയൊന്നും നോക്കാതെ
ആഞ്ഞു പിടിച്ചാ കൂട്ടക്കാർ
അങ്ങനെ അങ്ങനെ അതുവഴിയേ
പുതു പാട്ടത് തീർത്തൂ ഉലയാതെ
ചാക്രോം മാക്രോം രാഗത്തിൽ
ആ വയലത് പൂത്തൂ വൈകാതെ...



ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗമായ ആദ്യ വനിത – ഫാത്തിമാബീവി